PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



ജില്ലാ ലോക്കൽ ഫ് ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
വയനാട്, കൽപ്പറ്റ.
തീയതി: 10.12.2013.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
വയനാട്,കൽപ്പറ്റ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം:- സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് - വ്യവസായ തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനക്ഷമതാ റിപ്പോർട്ട് - 2013-14 പുറപ്പെടുവിക്കുന്നു.

സൂചന:- ലോക്കൽ ഫ് ഓഡിറ്റ് ഡയറക്ടറുടെ 06.07.2013 ലെ എൽ. എഫ്. 9930/സി.എ.ആർ.2/13 നമ്പർ സർക്കുലർ.

സൂചന സർക്കുലറിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനക്ഷമതാ റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയ വിവരം അറിയിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫ് ഓഡിറ്റ്, വയനാട്,കൽപ്പറ്റ.

ഉള്ളടക്കം:- വ്യവസായ തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനക്ഷമതാ റിപ്പോർട്ട്.

പകർപ്പ്:- 1) ലോക്കൽ ഫ് ഓഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം (ഉപരി പത്രം സഹിതം)
2) ഓഫീസ് ഫയൽ - 1
3. സമാഹൃത റിപ്പോർട്ട് സെക്ഷൻ - 1

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



# സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്

LOCAL FUND AUDIT DEPARTMENT

## വ്യവസായ തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനക്ഷമതാറിപ്പോർട്ട് 2013–14

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



എൽ.എഫ്.ഡബ്ള്യൂ.ഇ2-827/13

ജില്ലാ ലോക്കൽ ഫ് ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
വയനാട്, കൽപ്പറ്റ.
തീയതി: 10.12.2013.

# സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് – വ്യവസായ തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനക്ഷമതാ റിപ്പോർട്ട് 2013–14

LOCAL FUND AUDIT DEPARTMENT

പ്രവർത്തനക്ഷമതാ പരിശോധന നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്,ഉദ്യോഗപ്പേര് : ശ്രീ.എം.പി.ആനന്ദകുമാർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയ ഓഡിറ്റർമാരുടെ പേരു വിവരം : ശ്രീ.ഒ.കെ. അഗസ്റ്റ്യൻ, ഓഡിറ്റ് ഓഫിസർ
ശ്രീ.പി.വി. സുബ്രഹ്മണ്യൻ ഓഡിറ്റർ

അവലോകനം നടത്തിയ സമയം : 15.11.2013 മുതൽ 27.11.2013 വരെ

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



നഗര, ഗ്രാമ, വന മേഖലകൾ ഉൾപ്പെടുന്നതാണ് സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്. സുഗന്ദ വ്യഞ്ജനങ്ങളുടെ ഉൽപ്പാദനം, ടൂറിസം മേഖലയുടെ വളർച്ച തുടങ്ങിയവ ഇവിടുത്തെ ചെറുവിഭാഗത്തിന്റെ സാമ്പത്തിക നിലവാരം ഉയർത്തുമ്പോഴും, പട്ടിക വർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർ ഗ്രാമീണ വനമേഖലകളിൽ തൊഴിലില്ലായ്മയും സാമ്പത്തിക പിന്നാക്കാവസ്ഥയും അനുഭവിക്കുന്നു.

വയനാട് ജില്ല വലിയ നിർമ്മാണ വ്യവസായങ്ങൾക്ക് യോജിച്ച ഇടമല്ല. ആയതിനാൽ പ്രകൃതിക്ക് ദോഷം വരാത്ത ഭക്ഷ്യ സംസ്ക്കരണ ശാലകൾ, കരകൗശല നിർമ്മാണങ്ങൾ, വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട വിപണികൾ തുടങ്ങിയവയ്ക്കാണ് കൂടുതൽ സാധ്യത. കരകൗശല വസ്തുക്കൾ നിർമ്മിക്കാനുള്ള പട്ടിക വർഗ്ഗക്കാരുടെ കഴിവ് പ്രോത്സാഹിപ്പിച്ചു കൊം, കരകൗശല, സുഗന്ദ വ്യഞ്ജന, കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ തുടങ്ങാനായി അവസരമൊരുക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ഇത്തരം പദ്ധതികൾ ഉൾപ്പെടെ വ്യവസായ തൊഴിൽ സംരംഭങ്ങളുടെ വികസനത്തിനായി സു.ബത്തേരി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള പരിശോധന കൂടിയാണ് ഈ പ്രവർത്തനക്ഷമതാ റിപ്പോർട്ട്.

## II. ഓഡിറ്റ് മാനദണ്ഡങ്ങൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് - 172-ാം വകുപ്പ് (1) -ാം ഉപ വകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നാലാം പട്ടികയിൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ V ലും XII ലും സൂചിപ്പിച്ചിട്ട് . ഇത് ചുവടെ ചേർക്കുന്നു.

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
2. എസ്.എസ്.എ.യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക.
4. ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക.
5. പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടുകൂടിയ തൊഴിൽ നൽകുകയും ചെയ്യുക.

### വിവര ശേഖരണം.

1. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിലെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ, വാർഷിക പദ്ധതികളുടെ കണക്കുകൾ, ഓഡിറ്റ് എൻക്വയറികൾക്ക് ലഭ്യമാക്കിയ മറുപടികൾ.
2. സ്ഥലപരിശോധനയിൽ നേരിട്ട് ലഭ്യമായ വിവരങ്ങൾ.
3. നിർവ്വഹണ ഉദ്യോഗസ്ഥർ ഭരണ സമിതി അംഗങ്ങൾ എന്നിവർ നൽകിയ വിവരങ്ങൾ.

## III.ഓഡിറ്റ് ലക്ഷ്യങ്ങൾ

ӧവികേന്ദ്രീകൃതാസൂത്രണവും വ്യവസായ-തൊഴിൽ സംരംഭങ്ങളുംӧ എന്ന വിഷയത്തിലുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് - 2013-14 ന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. (എ) ചെറുകിട പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനും പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും വിധം ചുമതലകൾ തദ്ദേശഭരണ സ്ഥാപനം നിറവേറ്റിയോ എന്ന പരിശോധന.

2. തദ്ദേശ ഭരണ സ്ഥാപനം ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ സംബന്ധിച്ച് വിവര ശേഖരണം, സാധ്യതാ പഠനം തുടങ്ങിയവ നടത്തിയിട്ടുോ എന്ന പരി ശോധന.

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



ങ്ങൾക്കും, തൊഴിൽ സംരംഭങ്ങൾക്കും ആവശ്യമായ ക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം വിജയിച്ചിട്ടുോ

4. ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീ വഴി സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ തദ്ദേശ ഭരണ സ്ഥാപനത്തിന് കഴിഞ്ഞിട്ടുോ എന്ന പരിശോധന.
5. വ്യവസായ തൊഴിൽ സംരംഭങ്ങൾക്ക് വേി യുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടാതെ നിലനിൽക്കുന്നുവോ? സ്ഥാപനം അടച്ചു പൂട്ടിയതു മൂലം പാഴ്ച്ചെലവുായോ എന്നിവ യുടെ പരിശോധന.
6. വ്യവസായ തൊഴിൽ സംരംഭങ്ങളുടെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങളുോ എന്നും അവ ഒഴിവാക്കാൻ തദ്ദേശഭരണ സ്ഥാപനത്തിന് കഴിഞ്ഞിട്ടുോ എന്നും വിലയിരുത്തുക.
7. തൊഴിൽ പരിശീലനം/സംരംഭകത്വ പരിശീലനം തുടങ്ങിയവ ഫലപ്രദമായിരുന്നുവോ എന്ന വിലയിരുത്തൽ.
8. പദ്ധതി മാർഗ്ഗ രേഖകളും സർക്കാർ ഉത്തരവുകളും ലംഘിച്ചു കൊ് വ്യവസായ തൊഴിൽ സംരംഭ പ്രോജക്ടുകൾ നടപ്പാക്കിയോ എന്ന് പരിശോധിക്കുക.

മാതൃകാപരമായി പ്രവർത്തിക്കുന്ന തൊഴിൽ യൂണിറ്റുകൾ/സംരംഭങ്ങൾ എന്നിവ ക ത്തുക, വിലയിരുത്തുക.

## IV. ഓഡിറ്റ് ക ത്തലുകൾ.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക തുടങ്ങിയവ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപ്പെടുന്നു.

ചെറുകിട വ്യവസായ സംരംഭങ്ങൾക്കുള്ള വിഭവങ്ങൾ യഥേഷ്ടം ലഭ്യമാകുന്ന പ്രദേശമായിരുന്നിട്ടും ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഇത്തരത്തിലൊരു സംരംഭം പോലും ആരംഭിക്കാനായില്ല.

കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളും, പരമ്പരാഗത തൊഴിലായി ഇതിലേർപ്പെടുന്നവരും, ഭക്ഷ്യ സംസ്ക്കരണത്തിനുള്ള വിഭവങ്ങളും തൊഴിൽ ചെയ്യാൻ സന്നദ്ധരായവരും, ടൂറിസം മേഖല തുറന്നു തരുന്ന വിശാലമായ വിപണന സാധ്യതകളും ഉ യിട്ടും ഇത്തരം സാഹചര്യം ഇനിയും ഫലപ്രദമായി വിനിയോഗിക്കാനായിട്ടില്ല.

**(1) പതിനൊന്ന് പന്ത ് പഞ്ചവൽസര പദ്ധതികളുടെ ഭാഗമായി ചെറുകിട വ്യവസായ തൊഴിൽ സംരംഭങ്ങൾക്ക് നീക്കിവെച്ച വിഹിതത്തിന്റെയും ഉൽപ്പാദന മേഖലയിൽ ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾക്ക് ലഭിച്ച സ്വാധീനവും.**

| സാമ്പത്തിക വർഷം | ആകെ പദ്ധതി ചെലവ് | ആകെ പ്ലാൻ ഫ് ചെലവ് | ആകെ ഉൽപ്പാദന മേഖലാ ചെലവ് | വ്യവസായ മേഖലാ ചെലവ് | വിനിയോഗം ശതമാനത്തിൽ (ഉൽപ്പാദന ചെലവ്) |
|---|---|---|---|---|---|
| 2007-08 | 45350930 | 40949620 | 6650515 | 400000 | 6% |
| 2008-09 | 58210742 | 52364707 | 11745890 | 485690 | 4% |
| 2009-10 | 64618507 | 58314755 | 13437414 | - | - |
| 2010-11 | 62736759 | 56911609 | 7996205 | - | - |
| 2011-12 | 69384003 | 65240001 | 8894870 | 300000 | 3.37% |
| 2012-13 | 42324948 | 38253901 | 2141621 | - | - |

വാർഷിക പദ്ധതി ചെലവ് കണക്കുകൾ പരിശോധിച്ചതിൽ 11, 12 പഞ്ചവൽസര പദ്ധതികളിൽ കുടിൽ, ചെറുകിട, വ്യവസായ തൊഴിൽ സംരംഭങ്ങൾക്ക് പല വർഷങ്ങളിലും പദ്ധതികളാവിഷ്ക്കരിക്കുകയോ ഫ് വകയിരുത്തുകയോ ചെയ്തിട്ടില്ല. ഇക്കാലയളവിൽ ആകെ 3 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. ഇതിൽ തന്നെ വിജയകരമായി പ്രവർത്തി

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപ്പെട്ട മിനി
പിക്കുക ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പി
ക്കാൻ ഒരു പദ്ധതിയും ഈ പദ്ധതിക്കാലയളവുകളിൽ ആരംഭിച്ചിട്ടില്ല. പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഏറെയുള്ള ബ്ലോക്ക് പഞ്ചായത്തിൽ അവർക്കനുയോജ്യമായ വനവിഭവങ്ങളുടെ സമാഹരണം - സംസ്ക്കരണം, മുളയുൽപ്പന്ന നിർമ്മാണം, ഭക്ഷ്യ വസ്തുക്കളുടെ സംസ്ക്കരണം, ഇവയുടെ വിപണനം തുടങ്ങിയ സാധ്യതകൾ വിനിയോഗിക്കാനായില്ല.

എന്നാൽ സ്വാശ്രയ സംഘങ്ങൾക്കും, കുടുംബശ്രീകൾക്കും കൃഷി, മൃഗം വളർത്തൽ, കുടിൽ/നാമമാത്ര/ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി, റിവോൾവിംഗ് ഫ് എന്നിവ നൽകിയിട്ടു .

## (2) കുടിൽ/പരമ്പരാഗത-ചെറുകിട വ്യവസായങ്ങളുടെ ഉന്നമനത്തിനായി 11-ാം പദ്ധതിയിലും 12-ാം പദ്ധതിയിലും ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | പൊതു വിഭാഗം/ പ്രത്യേക ഘടക പദ്ധതി/പട്ടിക വർഗ്ഗ ഉപ പദ്ധതി/വനിത ഘടക പദ്ധതി | ചെലവഴിച്ച തുക | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2007-08 | വികലാംഗർക്ക് സ്വയം തൊഴിൽ പദ്ധതി | 400000 | പൊതു വിഭാഗം വികസന ഫ് | 400000 | തുടർ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. |
| 2 | 2008-09 | വാഴനാരുൽപ്പന്ന നിർമ്മാണം | 500000 | ò | 485690 | -ടി- |
| 3 | 2011-12 | പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലന യൂണിറ്റ് | 300000 | പ്രത്യേക ഘടക പദ്ധതി വികസന ഫ് | 300000 | ഒരു വീട്ടിൽ 5 അംഗങ്ങൾ 4 മെഷിൻ ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നു് എന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. സ്ഥലപരിശോധനയിൽ വീട് പൂട്ടിയിരിക്കുന്നു. |

മേൽ ടേബിളുകളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് 11-ാം പഞ്ചവൽസര പദ്ധതിയിൽ തുലോം പരിമിതമായ പദ്ധതികൾ മാത്രമേ ആവിഷ്ക്കരിച്ചിരുന്നുള്ളുവെന്ന് വ്യക്തമാക്കുന്നു. 12-ാം പദ്ധതിയുടെ ആദ്യ വർഷമായ 2012-13 ൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. നടപ്പാക്കിയ സംരംഭങ്ങൾ വിജയപ്രദമായില്ലെന്നും കാണാം.

## (3) കുടിൽ പരമ്പരാഗത-ചെറുകിട വ്യവസായങ്ങൾ സംബന്ധിച്ച് സാദ്ധ്യതാ പഠനം നടന്നില്ല.

കുടിൽ, പരമ്പരാഗത, ചെറുകിട വ്യവസായങ്ങൾ സംബന്ധിച്ചുള്ള സാധ്യതാ പഠനം ബ്ലോക്ക് പഞ്ചായത്തിൽ നാളിതുവരെ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഏറെ സാധ്യതയുള്ള ഒരു ബ്ലോക്ക് പഞ്ചായത്ത് എന്ന നിലയ്ക്ക് വ്യക്തമായ അജ യുടെ അടിസ്ഥാനത്തിൽ ഒരു സാധ്യതാ പഠനം നടത്തേ തു് . പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് തുടർച്ചയായി സർക്കാർ ആനുകൂല്യങ്ങൾ ലഭിച്ചിട്ടും അവരുടെ ജീവിത സാഹചര്യം വേത്ര ഉയർത്തുവാനായിട്ടില്ല എന്നത് ഇതിനുള്ള സൂചകമാണ്. കോളനികൾ കേന്ദ്രീകരിച്ച് പരമ്പരാഗത കരകൗശല വനവിഭവങ്ങളുടെ സംഭരണം, അതുപോലെ ഇവിടങ്ങളിൽ ഏറെ ഉൽപ്പാദപ്പിക്കുന്ന ഭക്ഷ്യ സുഗന്ധ വ്യഞ്ജന ഉൽപ്പന്നങ്ങളുടെ സംസ്കരണ യൂണിറ്റ് തുടങ്ങിയ സംരംഭങ്ങളുടെ സാധ്യതകളെക്കുറിച്ച് പഠനം നടത്തേ തു് .

പഞ്ചായത്തിന്റെ പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ് കാലാകാലങ്ങളിൽ വ്യവസായ തൊഴിൽ മേഖലയിലെ സാധ്യതകൾ സംബന്ധിച്ച് ചർച്ചകൾ നടത്തി വിഷയങ്ങൾ ക ത്തുകയും പഞ്ചായത്ത് സമിതിക്ക് സമർപ്പിക്കുകയും ചെയ്തതായി 2007 മുതൽ 2012 വരെയുള്ള കാലയളവിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് വ്യക്തമാക്കുന്നു. ഗ്രൂപ്പ് ക ത്തിയ പ്രധാനപ്പെട്ട മേഖലകൾ താഴെ കൊടുക്കുന്നു.

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



...ങ്ങൾ മൂല്യ വർദ്ധനവ് വരുത്തുക.
...മുതലായവ.

- ...റ്റ് സ്ഥാപിക്കുക. (സ്ഥലം വാങ്ങിയോ അല്ലെങ്കിൽ സ്ഥലം കൈവശമുള്ള ഗ്രാമ പഞ്ചായത്തുകളുമായി ചേർന്നോ)
- ❖ സ്വയം സഹായ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കായി സ്ഥായിയായ മാർക്കറ്റിംഗ് സൗകര്യം ഏർപ്പെടുത്തുക.
- ❖ ടൂറിസം മേഖല നൽകുന്ന തൊഴിൽ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക.
- ❖ സ്വയംസഹായ സംഘങ്ങൾ ഉാ ക്കുന്ന ഉൽപ്പന്നങ്ങൾ ഒരു പ്രത്യേക ബ്രാൻഡ് നെയിമിൽ വിൽപ്പന നടത്താനുള്ള സാദ്ധ്യതകൾ പഠിക്കുക.

വയനാട്ടിൽ നിലവിലുള്ള ചെറുകിട വ്യവസായ തൊഴിൽ മേഖലകളെ ഉൾക്കൊള്ളുന്ന മേൽ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവ പ്രാവർത്തികമാക്കാൻ സാധ്യത പഠനം നടത്താനോ പഞ്ചായത്ത് മുതിർന്നില്ല എന്നത് അനുചിതമായി.

## (4) ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ.

### i) വികലാംഗർക്ക് സ്വയം തൊഴിൽ പദ്ധതി.

പ്രോജക്ട് നം. 84/08
അടങ്കൽ 400000
നിർവ്വഹണം സംയോജിത ശിശു വികസന പദ്ധതി ഓഫീസർ
ട്രഷറി ബിൽ നമ്പർ/തിയ്യതി : 1/07-08/3.3.2008.

വികലാംഗർക്ക് സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുന്നതിനു വേ 400000 ഡി.ഡി.നം. 156/31.3.08 പ്രകാരം സിഡ്കോ സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടു . പദ്ധതിയുടെ ഭാഗമായി ബുക്ക് ബൈൻഡിംഗ്, പേപ്പർ ബാഗ് മേക്കിംഗ് എന്നിവയ്ക്കായി യന്ത്രങ്ങൾ വാങ്ങുകയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റെ അദ്ധ്യക്ഷതയിൽ 23.3.2008 ന് ചേർന്ന യോഗത്തിൽ യന്ത്ര സാമഗ്രികൾ മാർ അത്തനാസിയോസ് ട്രയിനിംഗ് സെന്ററിൽ ഇൻസ്റ്റാൾ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. സാധന സമാഗ്രികൾ ഇൻസ്റ്റാൾ ചെയ്തെങ്കിലും തൻവർഷം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ പരിശീലനം നൽകുകയോ ചെയ്തില്ല. ശേഷം 18.1.2010 മുതൽ 4.3.2010 വരെയുള്ള കാലയളവിൽ 27 പേർക്ക് പരിശീലനം നൽകിയതായ രേഖകൾ ഫയലിൽ ഉ് . തുടർന്ന് യാതൊരു പ്രവർത്തനങ്ങളുമില്ലാതെ അവശേഷിക്കുകയാണ്. തൊഴിൽ സംരംഭം യാഥാർത്ഥ്യമായില്ല. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന പോരായ്മകൾ സംഭവിച്ചിട്ടു .

1) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകപോലും ചെയ്യാതെയാണ് പദ്ധതി ആവിഷ്ക്കരിച്ചതും സിഡ്കോയ്ക്ക് തുക നൽകിയതും.
2) 2007-08 സാമ്പത്തിക വർഷം സ്ഥാപിച്ച മെഷിനുകൾ ഉപയോഗിച്ച് പരിശീലനം നൽകിയത് 2009-10 സാമ്പത്തിക വർഷാവസാനമാണ്. 27 ഗുണഭോക്താക്കൾക്ക് ഒരിക്കൽ പരിശീലനം നൽകിയതല്ലാതെ തുടർന്ന് ആർക്കും പരിശീലനം നൽകിയിട്ടില്ല.
3) പരിശീലനം നേടിയ ഗുണഭോക്താക്കളാരും തന്നെ നേടിയ പരിശീലനം ഉപയോഗിച്ച് ജീവിത മാർഗ്ഗം ക ത്തിയോ എന്ന് പരിശോധിച്ചിട്ടില്ല.
4) പരിശീലനം നേടിയ ഗുണഭോക്താക്കളെയും വാങ്ങിയ മെഷിനുകളും ഉപയോഗിച്ച് ഒരു യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിന് ഇതുവരെയും നടപടി സ്വീകരിച്ചിട്ടില്ല.

ഈ വിവരങ്ങൾ ചൂ ക്കാണിച്ച് ഇതേ വകുപ്പിന്റെ ഓഡിറ്റിൽ സി.ഡി.പി.ഒ.യ്ക്ക് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് ലഭ്യമാക്കിയ മറുപടിയിൽ യന്ത്ര സാമഗ്രികൾ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡ് , വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരടങ്ങുന്ന കമ്മിറ്റിയുടെ തീരുമാന പ്രകാരം മാർ അത്തനസിയോസ് ഐടെക്കിന്റെ നമ്പിക്കൊല്ലിയിലുള്ള സെന്റ് തോമസ് പരിശീലന കെട്ടിടത്തിൽ ഇൻസ്റ്റാൾ ചെയ്തുവെന്ന് അറിയിച്ചു.

മേൽ സൂചിപ്പിച്ച സ്ഥാപനത്തിൽ ചെന്ന് നേരിൽ ബോദ്ധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



- നമ്പിക്കൊല്ലി സെന്റ് തോമസ് ബാലഭവൻ ചാപ്പലി ഇല്ല.

2) മേൽ കെട്ടിടത്തിലെ താഴത്തെ നിലയിൽ 3 മുറികളിലായി ബുക്ക് ബൈൻഡിംഗിനും തയ്യൽ ജോലികൾക്കുമുള്ള യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ട് .

3) ഈ കെട്ടിടത്തിൽ അതിന്റെ ഉടമസ്ഥരുടെ തന്നെ ഒരു പ്രിന്റിംഗ്/ബൈൻഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു . അതിനാൽ ഈ സ്ഥാപനത്തിൽ കാണുന്ന ഏതെല്ലാം മെഷിനുകളാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രകാരം വാങ്ങിയതെന്ന് സംയോജിത ശിശു വികസന പദ്ധതി ഓഫീസിലെ ഉദ്യോഗസ്ഥർക്ക് പറയാനാകുന്നില്ല. എന്നാൽ തൊട്ടടുത്ത മുറിയിലെ തയ്യൽ മെഷിൻ മേൽ പദ്ധതി പ്രകാരം തന്നെ വാങ്ങിയതാണെന്ന് ടി ഓഫീസിലെ ഉദ്യോഗ സ്ഥർ അറിയിച്ചു.

ബ്ലോക്ക് പഞ്ചായത്തിന്റെ 2008-09, 2009-10 സംയുക്ത ഓഡിറ്റ് റിപ്പോർട്ടിലെ (എൽ.എഫ്.(ഡബ്ള്യു.)പി5-590/12/3.10.12 പ്രകാരം പുറപ്പെടുവിച്ചത്) ഖണ്ഡിക 3-21 ആയി ഈ വിഷയം ഉൾക്കൊളളിക്കുകയും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് തൊഴിൽ യൂണിറ്റ് യാഥാർത്ഥ്യ മാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ബ്ലോക്ക് പഞ്ചാ യത്ത് അധികൃതർ ഇക്കാര്യത്തിൽ ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചില്ല.

### ii) <u>പട്ടിക ജാതി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലന യൂണിറ്റ് ധനസഹായം</u>

പ്രോജക്ട് നം. 178/12
പദ്ധതി വിഹിതം : 300000.00
പരിശീലന കേന്ദ്രം : സാക്ഷരതാ മിഷൻ തുടർ വിദ്യാ കേന്ദ്രം, തൊഴിൽ പരിശീലന കേന്ദ്രം, ചുളളിയോട്.
പരിശീലനാർത്ഥികളുടെ എണ്ണം: 25
കാലാവധി : 50 ദിവസം
യൂണിറ്റിനായി വാങ്ങിയ ആകെ തയ്യൽ മെഷിനുകളുടെ എണ്ണം : 4 (1 എംബ്രോയ്ഡറി)

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടിക ജാതി വികസന ഓഫീസർ.

**<u>പ്രവർത്തനം.</u>**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 25 പട്ടിക ജാതി വനിതകൾക്ക് ടെയ്ലറിംഗ്, സാരി പെയ്ന്റിംഗ്, ടെക്സ്റ്റൈൽ പ്രിന്റിംഗ്, എംബ്രോയ്ഡറി എന്നിവയിൽ പരിശീലനം നൽകി യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം നൽകുന്നതാണ്. പ്രോജക്ട് പരിശീലനത്തിനായി 2.5 ലക്ഷം രൂപയിലധികം ചെലവഴിച്ചെങ്കിലും തുടർന്ന് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിച്ചിട്ടില്ല. പദ്ധതിയിൽ വാങ്ങിയ തയ്യൽ മെഷിനുകൾ ഒരു ഗുണഭോക്താവിന്റെ വീട്ടിൽ സൂക്ഷിച്ചിട്ടുളള തായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതനുസരിച്ച് സ്ഥല പരിശോധന നടത്തി അറി വായ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

പരിശോധന നടത്തിയ തിയ്യതി 26.11.2013.

- പലിശീലനം ലഭിച്ച ഓമന എന്ന പരിശീലനാർത്ഥിയുടെ നെൻമേനി പഞ്ചായത്തിലെ VI-ാം വാർഡിലെ 45-ാം നമ്പർ വീട്ടിലാണ് യൂണിറ്റ് എന്നാണ് നിർവ്വഹണോദ്യോഗ സ്ഥൻ അറിയിച്ചതും ഓഡിറ്റിനെ കാണിച്ചതും എന്നാൽ വീട് പൂട്ടിയിരിക്കുന്നു.
- ആകെ 5 അംഗങ്ങൾ ഈ യൂണിറ്റിലുണ്ടെന്നും എല്ലാവർക്കും പരിശീലനം ലഭിച്ചിട്ടു ണ്ടെന്നും. 3 സിംഗിൾ തയ്യൽ മെഷിനുകൾ 1 എബ്രോഡറി മെഷിൻ എന്നിവ ലഭിച്ചത് ഈ വീട്ടിലാണ് സൂക്ഷിച്ചത് എന്ന് യൂണിറ്റംഗം സന്ധ്യ അറിയിച്ചു. മേൽ സൂചിപ്പിച്ച യന്ത്രങ്ങൾ ഈ വീട്ടിലുണ്ടെന്ന് തിട്ടപ്പെടുത്താനായിട്ടില്ല.
- ഒരു തൊഴിൽ സംരംഭമായി ആരംഭിച്ചിട്ടില്ല. പരിശീലനം സിദ്ധിച്ച ഇതര ഗുണഭോക്താ ക്കൾ സംരംഭം നടത്തുന്നുടോ എന്ന വിവരം പഞ്ചായത്തധികൃതർക്ക് അറിയില്ല.
- പരിശീലനം സിദ്ധിച്ചവർക്കുള്ള സർട്ടിഫിക്കറ്റ് ഇതുവരെ ലഭിച്ചിട്ടില്ല എന്ന് പരിശീലനം ലഭിച്ച ഗുണഭോക്താവ് അറിയിച്ചു.
- പരിശീലനം ലഭിച്ച ശേഷം ഗുണഭോക്താക്കൾ തൊഴിൽ യൂണിറ്റ് ആരംഭിച്ചിട്ടില്ല

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



ർ 251762 രൂപ പരിശീലനച്ചെലവായും ബാക്കി 48238/- രൂപ മാത്രമാണ് 25 പരിശീലനാർത്ഥികൾക്ക് യൂണിറ്റ് ആരംഭിക്കാൻ മൂലധന നിക്ഷേപമായി വിനിയോഗിച്ചിട്ടുള്ളത്.

2) പരിശീലനത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭ തയ്യാറാക്കിയ പട്ടിക പ്രകാരമല്ല.
3) പരിശീലനത്തിനുള്ള അസംസ്കൃത വസ്തുക്കൾക്കായി 95657/- രൂപ ചെലവഴിച്ചു. എന്നാൽ പരിശീലനത്തിന്റെ ഭാഗമായി നിർമ്മിച്ച ഉൽപ്പന്നങ്ങൾ പിന്നീട് എന്തു ചെയ്തുവെന്ന് വ്യക്തമാക്കിയിട്ടില്ല.
4) ഒരു ഗുണഭോക്താവിനായി ശരാശരി 10000/- രൂപയോളം പരിശീലനത്തിനായി ചെലവഴിച്ചു. എന്നാൽ തുടർ പ്രവർത്തനം നടത്തി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടിയായില്ല. (വാങ്ങിയ യന്ത്രങ്ങൾ തന്നെ 4-5 ഗുണഭോക്താക്കൾക്ക് മാത്രം പര്യാപ്തമാകുകുന്നുള്ളുത) ഇത് സബ്സിഡി മാർഗ്ഗ രേഖയുടെ വ്യക്തമായ ലംഘനമാണ്.

### (iii) <u>വില്ലേജ് ഹാട്ട്.</u>

എസ്.ജി.എസ്.വൈ. 2010-11 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചതാണ് അമ്പലവയൽ ഗ്രാമ പഞ്ചായത്ത് ബസ്റ്റാൻഡ് കോമ്പൗിലെ വില്ലേജ് ഹാട്ട്. കുടുംബശ്രീ/സ്വാശ്രയ സംഘങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രം ആരംഭിക്കുന്നതിനാണ് മേൽ കെട്ടിടം. ആകെ 1487014/- രൂപ ചെലവിൽ കെട്ടിടം പണി പൂർത്തീകരിച്ചിട്ട് . ഇതിൽ 9 ലക്ഷം രൂപ ചെക്ക് നം. 018422/8.4.2013 ന് നൽകിയിട്ട് . ബാക്കി തുക നൽകിയിട്ടില്ല. വിപണന കേന്ദ്രം പ്രവർത്തനക്ഷമമായിട്ടില്ല.

അമ്പലവയൽ പഞ്ചായത്ത് ബസ്റ്റാൻഡ് കോമ്പൗിൽ സ്ഥിതി ചെയ്യുന്നതിനാൽ വിപണന കേന്ദ്രത്തിനാവശ്യമായ റോഡ്, വൈദ്യുതി സൗകര്യമുള്ള മികച്ച കേന്ദ്രമാണിത്. എത്രയും വേഗം വിപണന കേന്ദ്രം പ്രവർത്തനക്ഷമമാക്കി മാറ്റേ തു് .

LOCAL FUND AUDIT DEPARTMENT




**വില്ലേജ് ഹാട്ട്**

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features

ൾ.

നം നൽകുന്നതിനായി വികസന ഫ പയോഗിച്ചും ികളാവിഷ്ക്കരിച്ച് നടപ്പാക്കിയിട്ട് . എന്നാൽ തുടർ പ്രവർത്തനങ്ങൾ നടത്തി തൊഴിൽ സംരംഭങ്ങൾ രൂപീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് നം. (എം.എസ്.) 183/2007/തസ്വഭവ/24.7.2007 ഖണ്ഡിക 6-11 പ്രകാരം പരിശീലന പരിപാടികൾ സ്വയം തൊഴിൽ സംരംഭങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെടുത്തി വേണം നടത്താൻ. അതുപോലെ എസ്.ജി.എസ്.വൈ. പദ്ധതിയിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടികളുടെ തുടർച്ചയായി തൊഴിൽ സംരംഭങ്ങളുടെ രൂപീകരണം നടത്തേ തു് . എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പരിശീലന പരിപാടികളിൽ തൊഴിൽ സംരംഭ രൂപീകരണം വിവക്ഷിച്ചിരുന്നുവെങ്കിലും പരിശീലനം നടത്തിയതല്ലാതെ തൊഴിൽ സംരംഭങ്ങൾ രൂപീകരിച്ചിട്ടില്ല. വ്യക്തമായ ആസൂത്രണമില്ലാതെയും, പലപ്പോഴും ഗുണഭോക്താക്കളെ ക ത്താതെയുമാണ് പരിശൽലന പരിപാടികൾ ഉദ്യമിച്ചത്. അതിനാൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിലും പരിശീലനങ്ങളിലും മാത്രമായി പ്രവർത്തനങ്ങൾ ഒതുങ്ങി.

**(എ)** ബ്ലോക്ക് പഞ്ചായത്തിന്റെ 2007-08 മുതൽ 2009-10 വരെയുള്ള കാലത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (എൽ.എഫ്.(ഡബ്ള്യു) പി5-590/12/3.10.12 പ്രകാരം പുറപ്പെടുവിച്ചത്) ഖണ്ഡിക 3-21, 3-24, 3-26 എന്നിവയിൽ ഈ വിഷയം ചൂ ക്കാട്ടുകയും, തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇവയുടെ സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നടപ്പാക്കിയ വർഷം | ഫ് നം | പരിശീലന ചെലവ് | കുറിപ്പ് |
|---|---|---|---|---|---|
| 1 | വികലാംഗർക്ക് തൊഴിൽ പദ്ധതി | 2008-09 | വികസന ഫ് | 25000 | 27 പേർക്ക് പരിശീലനം. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-21. പദ്ധതിക്ക് ആകെ ചെലവ് 4 ലക്ഷം രൂപ. |
| 2 | വാഴനാരുൽപ്പന്ന നിർമ്മാണം | 2008-09, 2009-10 | എസ്.ജി. എസ്.വൈ | 485690 | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-24 |
| 3 | ഗാർമെന്റ് മേക്കിംഗ് | 2009-10 | -ടി- | 24000 | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-26 |

## (ബി) പട്ടിക ജാതി വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതി.

പ്രോജക്ട് നമ്പർ 178/12
വകയിരുത്തിയ തുക 3 ലക്ഷം (വികസന ഫ് )

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതിയിൽ 251762/- രൂപ 25 ഗുണഭോക്താക്കളുടെ പരിശീലനത്തിനായി ചെലവഴിച്ചിട്ട് . സംരംഭ രൂപീകരണത്തിനായി 4 തയ്യൽ മെഷ്യനുകൾ വാങ്ങുന്നതിനായി 48238/- രൂപയും വിനിയോഗിച്ചു. പരിശീലനാർത്ഥികളിൽ 5 പേർ ചേർന്ന് ഒരു തയ്യൽ യൂണിറ്റ് ആരംഭിക്കാനുള്ള ശ്രമങ്ങൾ ഇതുവരെയും ലക്ഷ്യത്തിലെത്തിയിട്ടില്ല. അവശേഷിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ സംരംഭങ്ങൾ രൂപീകരിച്ചിട്ടില്ല. ഇക്കാര്യം ബ്ലോക്ക് പഞ്ചായത്ത് പരിശോധിച്ചിട്ടില്ല. തൊഴിൽ സംരംഭങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ടു വേണം തൊഴിൽ പരിശീലനങ്ങൾ നൽകേ തെന്ന സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഈ നടപടിക്ക് സർക്കാർ സാധൂകരണം വാങ്ങേ തും, തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേ തുമാണ്.

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**സംരംഭങ്ങൾ.**

ങ്ങളും/കുടുംബശ്രീകളും തൊഴിൽ സംരംഭങ്ങളായി യാണ് തെരഞ്ഞെടുത്തത്. ആയതിനാൽ ഈ മേഖല ക്കാണ് വ്യവസായ സംരംഭങ്ങളേക്കാൾ കൂടുതൽ സഹായം ലഭിച്ചിട്ടുള്ളത്. ധനസഹായം ലഭിച്ച യൂണിറ്റുകളുടെ എണ്ണം, ധനസഹായം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല/സംരംഭം | ആകെ സംരംഭങ്ങളുടെ എണ്ണം | ആകെ അനുവദിച്ച സബ്സിഡി |
|---|---|---|---|
| 1 | കൃഷി, മൃഗസംരക്ഷണ സംരംഭങ്ങൾ | 163 | 17445213 |
| 2 | വ്യവസായ തൊഴിൽ സംരംഭങ്ങൾ | 27 | 3037713 |

**(എ)** 11-ാം പഞ്ചവത്സര പദ്ധതിയിൽ കുടുംബശ്രീകൾ/സ്വാശ്രയ സംഘങ്ങൾക്ക് വ്യവസായ തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനായി നൽകിയ ധനസഹായത്തിന്റെ വിശദ വിവരം.

| ക്രമ നം. | യൂണിറ്റിന്റെ പേര് | നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ/സേവനങ്ങൾ | വർഷം | വായ്പ | സബ്സിഡി | പ്രവർത്തന വിവരം |
|---|---|---|---|---|---|---|
| 1 | നവോദയ എസ്.എച്ച്.ജി., ബീനാച്ചി, ബത്തേരി | അപ്പോൾസ്റ്ററി & കുഷ്യൻ വർക്ക് | 2007-08 | 321700 | 120000 | പ്രവർത്തിക്കുന്നില്ല |
| 2 | കരുണ എസ്.എച്ച്.ജി., തേലംമ്പറ്റ, നൂൽപ്പുഴ | സൂപ്പർമാർക്കറ്റ് | 2007-08 | 176160 | 125000 | പ്രവർത്തിക്കുന്നു് |
| 3 | പവിത്രം എസ്.എച്ച്.ജി, കൈപ്പഞ്ചേരി, ബത്തേരി | ബേക്കറി യൂണിറ്റ് | 2008-09 | 240590 | 110000 | പ്രവർത്തിക്കുന്നില്ല |
| 4 | അനശ്വര എസ്.എച്ച്.ജി, നെടിയഞ്ചേരി, മീനങ്ങാടി | പലചരക്ക് കച്ചവടം | 2008-09 | 275000 | 125000 | ഭാഗികമായി പ്രവർത്തിക്കുന്നു. |
| 5 | ഗ്രാമദീപം എസ്.എച്ച്.ജി, കരടിപ്പാറ, നെന്മേനി | മത്സ്യകൃഷി | 2009-10 | 110550 | 92713 | പ്രവർത്തിക്കുന്നു് |
| 6 | തേജസ് എസ്.എച്ച്.ജി, പൂതിക്കാട് | ടൈലറിംഗ് യൂണിറ്റ് | 2009-10 | 375000 | 125000 | പ്രവർത്തിക്കുന്നു് . |
| 7 | ജ്യോതിസ് എസ്.എച്ച്.ജി, അമ്പലവയൽ | ബേക്കറി കൂൾബാർ | 2010-11 | 300000 | 100000 | പ്രവർത്തിക്കുന്നു് . |
| 8 | സൗമ്യ എസ്.എച്ച്.ജി, പൂമാട് | മൺപാത്ര നിർമ്മാണം | 2010-11 | 200000 | 100000 | പ്രവർത്തിക്കുന്നു് . |
| 9 | ലൈഫ്ലൈൻ എസ്.എച്ച്.ജി, ആശാരിപടി, ചീരാൽ | സൂപ്പർമാർക്കറ്റ് | 2010-11 | 375000 | 125000 | ഭാഗികമായി പ്രവർത്തിക്കുന്നു് . |
| 10 | കൈരളി എസ്.എച്ച്.ജി, ചുള്ളിയോട് | അഗ്രിക്കൾച്ചർ നഴ്സറി | 2010-11 | 178000 | 125000 | ഭാഗികമായി പ്രവർത്തിക്കുന്നു് . |
| 11 | നന്മ എസ്.എച്ച്.ജി, ബത്തേരി | കൺസ്ട്രക്ഷൻ യൂണിറ്റ് | 2010-11 | 415000 | 110000 | ഭാഗികമായി പ്രവർത്തിക്കുന്നു് . |
| 12 | തേ ജസ് എസ്.എച്ച്.ജി, അർമാട് | -ടി- | 2010-11 | 375000 | 125000 | പ്രവർത്തിക്കുന്നു് . |
| 13 | കാർത്തിക എസ്.എച്ച്.ജി, കുപ്പാടി, ബത്തേരി | ബേക്കറി യൂണിറ്റ് | 2010-11 | 225000 | 125000 | പ്രവർത്തിക്കുന്നു് . |
| 14 | അമ്പിളി എസ്.എച്ച്.ജി., കുപ്പാടി, ബത്തേരി | സോപ്പ് നിർമ്മാണം | 2010-11 | 225000 | 125000 | പ്രവർത്തിക്കുന്നു് . |
| 15 | ഗോപിക എസ്.എച്ച്.ജി., ചണ്ണാളി, മീനങ്ങാടി | തയ്യൽ യൂണിറ്റ് | 2010-11 | 300000 | 120000 | ഭാഗികമായി പ്രവർത്തിക്കുന്നു് . |
| 16 | കീർത്തി എസ്.എച്ച്.ജി., സീ.സി. വാകേരി | സൂപ്പർമാർക്കറ്റ് | 2010-11 | 28000 | 120000 | പ്രവർത്തിക്കുന്നു് . |
| 17 | അനുഗ്രഹ എസ്.എച്ച്.ജി., ആൂർ, അമ്പ ലവയൽ | ടെക്സ്റ്റയിൽസ് & റെഡിമെയ്ഡ് യൂണിറ്റ് | 2011-12 | 200000 | 100000 | പ്രവർത്തിക്കുന്നു് . |
| 18 | ധനശ്രീ എസ്.എച്ച്.ജി., നടുകൊല്ലി, പാമ്പള, അമ്പലവയൽ | സോപ്പ് പൊടി നിർമ്മാണം | 2011-12 | 200000 | 100000 | പ്രവർത്തിക്കുന്നു് . |

LOCAL FUND AUDIT DEPARTMENT

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



| | | | | | | |
|---|---|---|---|---|---|---|
| | | ർമ്മാണം | 2011-12 | 130000 | 70000 | പ്രവർത്തിക്കുന്നു് . |
| 20 | ശ്രുതി എസ്.എച്ച്.ജി., സു.ബത്തേരി | റെഡിമെയ്ഡ് & ഗാർമെന്റ്സ് | 2011-12 | 400000 | 100000 | പ്രവർത്തിക്കുന്നു് . |
| 21 | ആത്മയ എസ്.എച്ച്.ജി., വടച്ചിറ, മൂലങ്കാവ് | ഹോളോബ്രിക്സ് യൂണിറ്റ് | 2011-12 | 331000 | 120000 | പ്രവർത്തിക്കുന്നില്ല |
| 22 | അർച്ചന എസ്.എച്ച്.ജി., ബത്തേരി | അച്ചാർ നിർമ്മാണം വിന്റോ കർട്ടൺ നിർമ്മാണം | 2011-12 | 120000 | 120000 | പ്രവർത്തിക്കുന്നില്ല. |
| 23 | കരുണ എസ്.എച്ച്.ജി., നെൻമേനിക്കുന്ന് | നഴ്സറി യൂണിറ്റ് | 2011-12 | 400000 | 100000 | പ്രവർത്തിക്കുന്നു് . |
| 24 | മാതൃക എസ്.എച്ച്.ജി., മു നടപ്പ് | സൂപ്പർ മാർക്കറ്റ് | 2011-12 | 257400 | 110000 | പ്രവർത്തിക്കുന്നു് . |
| 25 | നന്മ എസ്.എച്ച്.ജി., മീനങ്ങാടി | കാറ്ററിംഗ് യൂണിറ്റ് | 2011-12 | 390000 | 110000 | പ്രവർത്തിക്കുന്നു് . |
| 26 | ഐശ്വര്യ എസ്.എച്ച്.ജി., കാപ്പിക്കുന്ന് | പലചരക്ക് കച്ചവടം | 2011-12 | 175000 | 125000 | ഭാഗികമായി പ്രവർത്തിക്കുന്നു് . |
| 27 | അക്ഷയ എസ്.എച്ച്.ജി., മു നടപ്പ്. | പലചരക്ക് കച്ചവടം | 2011-12 | 390000 | 110000 | ഭാഗികമായി പ്രവർത്തിക്കുന്നു് . |
| | | | | ആകെ | 3037713 | |

**(ബി)** മേൽ പട്ടികയിലെ യൂണിറ്റുകളിൽ താഴെ പറയുന്നവയെ നേരിൽ സന്ദർശിച്ചു. സ്ഥലപരിശോധനയിൽ ക ത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | യൂണിറ്റിന്റെ പേർ വിവരം | സ്ഥലപരിശോധനാ തിയ്യതി | സ്ഥല പരിശോധനയിൽ ക കാര ്യങ്ങൾ |
|---|---|---|---|
| 1 | ഗ്രാമ ദീപം എസ്.എച്ച്.ജി. കരടിപ്പാറ, നെന്മേനി പഞ്ചായത്ത് - മത്സ്യ കൃഷി | 26/11/13 2 പി.എം | ❖ പ്രവർത്തനം നിർത്തിയ ക്വാറിയിൽ രൂപപ്പെട്ട കുളം പഞ്ചായത്തിൽ നിന്നും പാട്ട വ്യവസ്ഥയിൽ സ്വാശ്രയ സംഘം ഏറ്റെടുത്ത് മത്സ്യകൃഷി നടത്തുന്നു.<br>❖ ജലം കുറയാത്ത വലിയ കുളം ആണെങ്കിലും മത്സ്യ ഉൽപ്പാദനം തരതമ്യേന കുറവ്.<br>❖ ആകെ അംഗങ്ങൾ-10, വരവ് ചെലവ് കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കുന്നില്ല. |
| 2 | ലൈഫ് ലൈൻ എസ്.എച്ച്.ജി., സൂപ്പർമാർക്കറ്റ്, ആരാരിപ്പടി, ചീരാൽ, നെന്മേനി ഗ്രാമ പഞ്ചായത്ത്<br>വാടക കെട്ടിടം നം.VIII -373 രജിസ്റ്റർ നം.201 | 26/11/13 12 പി. എം. | ❖ ബേക്കറി, പച്ചക്കറി, ഉണക്കമീൻ, ചായ തുടങ്ങിയവയുടെ കച്ചവടം, ഒരംഗം കടയിൽ നിൽക്കുന്നു.<br>❖ വായ്പ കൃത്യമായി അടയ്ക്കുന്നു.<br>❖ ചെറിയ തോതിൽ പ്രവൃത്തിക്കുന്ന സ്ഥാപനം.<br>❖ സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്ക് എഴുതി സൂക്ഷിക്കുന്നില്ല. |
| 3 | ധനശ്രീ എസ്.എച്ച്.ജി., നടുകൊല്ലി, പാമ്പള, സോപ്പുപൊടി നിർമ്മാണം, നെന്മേനി ഗ്രാമ പഞ്ചായത്ത് കെട്ടിടം<br>നം.IX -279 യുണിറ്റംഗം സഫിയയുടെ വീട്. | 26/11/13 1.30 പി.എം. | ❖ ആകെ 10 അംഗങ്ങൾ, ചെറിയ തോതിൽ വീട്ടിൽ വെച്ച് സോപ്പ് നിർമ്മിക്കുന്നു.<br>❖ യൂണിറ്റ് സ്വന്തമായി ഒരു കെട്ടിടം പൂർത്തിയാക്കിയിട്ടു് .<br>❖ വരവ് ചെലവ് കണക്കുകൾ പ്രത്യേകം സൂക്ഷിക്കുന്നില്ല. |

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



| | | | |
|---|---|---|---|
| | | 26/11/13<br>2.30 പി.എം. | ❖ ആകെ 10 അംഗങ്ങൾ, കവുങ്ങ്, തെങ്ങ്, തേയില, കാപ്പി മുതലായവയുടെ സീസണലായി മാത്രം തൈകൾ ഉൽപ്പാദിപ്പിക്കുന്നു എന്ന് യൂണിറ്റംഗങ്ങൾ അറിയിച്ചു. എന്നാൽ സന്ദർശന സമയത്ത് നഴ്സറിയിൽ തൈകൾ ഒന്നും ഇല്ല.<br>❖ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല. |
| 5 | ട്രോബറി എസ്.എച്ച്.ജി. മലയച്ചംകൊല്ലി, പൂറ്റാട്, മൺപാത്രനിർമ്മാണ യൂണിറ്റ് - അമ്പലവയൽ ഗ്രാമ പഞ്ചായത്ത് | 26/11/13<br>4. പി.എം. | ❖ ആകെ 13 അംഗങ്ങൾ, 6 ഇടങ്ങളിലായി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.<br>❖ എല്ലാവരും പരമ്പരാഗതമായി തന്നെ തൊഴിൽ ചെയ്യുന്നവർ, ഇതു തന്നെയാണ് ജീവിതോപാധിയും എല്ലാ പണിശാലകളും വിടിനോട് ചേർന്ന്.<br>❖ സ്ഥായിയായ മാർക്കറ്റിംഗ് സൗകര്യമില്ലാത്തത് വരുമാനത്തെ ബാധിക്കുന്നു. സ്വകാര്യ ഷോപ്പുകൾക്ക് കുറഞ്ഞ നിലയിൽ വിൽക്കേി വരു ന്നു. |

LOCAL FUND AUDIT DEPARTMENT



**ട്രോബറി കളിമൺ പാത്ര നിർമ്മാണം**

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



| | | | |
|---|---|---|---|
| | കെട്ടിടം XIV-367 | 26/11/13<br>3.30 പി.എം. | ❖ ആരംഭത്തിൽ 13 അംഗങ്ങൾ ഉായിരുന്നെങ്കിലും ഇപ്പോൾ 5 അംഗങ്ങൾ മാത്രം.<br>❖ കടയിൽ ഒരംഗം മാത്രം നിൽക്കുന്നു.<br>❖ ചെറിയ തോതിൽ പ്രവർത്തിക്കുന്ന സ്ഥാപനം. |
| 7 | കരുണ എസ്.എച്ച്.ജി., നഴ്സറി യൂണിറ്റ്, നെൻമേനിക്കുന്ന്, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് വൽസല ഓടവയൽ എന്നവരുടെ വീട് നം.X -233 | 27/11/13<br>11.30 എ.എം. | ❖ നഴ്സറി സീസണലായിട്ടാണ് ചെയ്യുന്നത്.<br>❖ പരിശോധനാ സമയത്ത് നഴ്സറിയിൽ ഒന്നുമില്ല.<br>❖ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നില്ല. |
| 8 | കരുണ എസ്.എച്ച്.ജി., സൂപ്പർമാർക്കറ്റ് തേലമ്പറ്റ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് കെട്ടിടം നം. X -223 (പഴയ നമ്പർ) | 27/11/13<br>12.15 | ❖ പലചരക്ക് കട, സ്ഥാപനത്തിന്റെ പേര് പ്രദർശിപ്പിച്ചിട്ടില്ല, പുതുക്കിയ ലൈസൻസ് ഇല്ല.<br>❖ വായ്പയെ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>❖ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല.<br>❖ യൂണിറ്റിന്റെ പ്രവർത്തനക്ഷമത വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. |
| 9 | ശ്രുതി എസ്.എച്ച്.ജി., സുൽത്താൻ ബത്തേരി (വനിത) സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്ത്, കെട്ടിടം നമ്പർ VII -382 (യൂണിറ്റംഗം ഷാജി എന്നവരുടെ വീട്) | 27/11/13<br>1-00 | ❖ ക്രിസ്ത്യൻ പള്ളിയിൽ ഉപയോഗിക്കുന്ന പത്രസീന, ചിത്തോല, വിരിക്കൂട്ട്, ഗോശപ്പ, മേക്കട്ടി, ആൽബ, കർട്ടൺ തുടങ്ങിയവ നിർമ്മിക്കുന്നു.<br>❖ ആകെ 10 അംഗ്ങൾ, എല്ലാവരും ഈ തൊഴിൽ ചെയ്യുന്നു. നന്നായി പ്രവർത്തിക്കുന്ന സ്ഥാപനം.<br>❖ എല്ലാവർക്കും മികച്ച വരുമാനം ലഭിക്കുന്നു.<br>❖ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്ന് . |
| 10 | തേജസ് എസ്.എച്ച്.ജി., കൺസ്ട്രക്ഷൻ യൂണിറ്റ്, സു. ബത്തേരി കോട്ടക്കുന്നിൽ യന്ത്രങ്ങൾ സൂക്ഷിക്കുന്നു.<br>സു. ബത്തേരി ഗ്രാമ പഞ്ചായത്ത് | 27/11/13<br>2.30 പി.എം. | ❖ 4 കോൺക്രീറ്റ് മിക്സ്ചർ, വൈബ്രേറ്റർ, ചട്ടി, കുട്ട, റാമ്പ് എന്നിവ വാടകയ്ക്ക് നൽകുന്നു.<br>❖ 2007 ആരംഭിച്ചു, വരവ് ചെലവുകൾ എഴുതി സൂക്ഷിക്കുന്ന് , മികച്ച വരുമാനം ലഭിക്കുന്നു, നന്നായി പ്രവർത്തിക്കുന്ന സ്ഥാപനം.<br>❖ വായ്പ കൃത്യമായി തിരിച്ചടക്കുന്നു. |
| 11 | നന്മ എസ്.എച്ച്.ജി., ബത്തേരി, കൺസ്ട്രക്ഷൻ യൂണിറ്റ്, പുതിയ ഒരു മുറി കെട്ടിടം, കൈപ്പഞ്ചേരി, അടുത്ത മുറി നമ്പർ VIII -382 സു. ബത്തേരി ഗ്രാമ പഞ്ചായത്ത്. | 27/11/13<br>2 പി.എം. | ❖ ഒരു കട മുറി, ഓട്ടോറിക്ഷ, കംപ്രസർ, മറ്റു നിർമ്മാണ ഉപകരണങ്ങൾ എന്നിവ ആസ്തിയായ് എന്നറിയിച്ചു.<br>❖ ആകെ 11 അംഗങ്ങൾ, ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ആസ്തികൾ വാങ്ങുന്നു.<br>❖ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് യൂണിറ്റംഗം സൂചിപ്പിച്ചു.<br>❖ 8 അംഗങ്ങൾ ഈ മേഖലയിൽ ജോലി ചെയ്യുന്നു. |

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



| | | | |
|---|---|---|---|
| | സിന് എതിർവശം കെട്ടിടം നമ്പർ XIX -422-2-ാം നില (വാടക മുറി) | 27/11/13<br>4 മണി | ❖ ആകെ 13 അംഗങ്ങൾ. എല്ലാവരും ഈ തൊഴിൽ ചെയ്യുന്നു.<br>❖ ആകെ 6 തയ്യൽ മെഷിനുകൾ.<br>❖ കിട്ടുന്ന വരുമാനത്തിന്റെ പകുതി കൂലിയായി അംഗങ്ങൾ എടുക്കുന്നു. |

**(സി) <u>കുടുംബശ്രീ യൂണിറ്റുകൾ, സ്വാശ്രയ സംഘങ്ങൾ പൊതുവായ നിരീക്ഷണങ്ങൾ.</u>**

1) ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന കുടുംബശ്രീ/സ്വാശ്രയ സംഘങ്ങളുടെ പേര് വിവരം, പ്രവർത്തനം, ഈ യൂണിറ്റുകൾ എവിടെ സ്ഥിതി ചെയ്യുന്നുവെന്ന വിവരം തുടങ്ങിയവ എഴുതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) സ്ഥല പരിശോധന നടത്തിയ ഭൂരിപക്ഷം യൂണിറ്റുകളും നാമ മാത്രമായ പ്രവർത്തനം നടത്തുന്നവയാണ്. ചിലത് മാത്രം മാതൃകാ പ്രവർത്തനം കാഴ്ചവെക്കുന്നു് . ഉദാ:- ക്രമ നമ്പർ 5, 9, 10. (സ്ഥല പരിശോധന റിപ്പോർട്ട്)
3) സു. ബത്തേരി പോലുള്ള ഇടത്തരം പട്ടണത്തിൽ കുടുംബശ്രീ/സ്വാശ്രയ സംഘങ്ങൾക്ക് ഒരു വിപണി സജ്ജീകരിക്കാൻ ഇതുവരെയായിട്ടില്ല.
4) ധനസഹായം കൈപ്പറ്റിയ ശേഷം പ്രവർത്തനം നടത്താത്ത സംരംഭങ്ങളുടെ മേൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.
5) വലിയ വിപണന സാധ്യതകളും, വികസന സാധ്യതകളും ഉാ യിട്ടും കരകൗശല വസ്തുക്കളുടെ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകാനായിട്ടില്ല.
6) വനവിഭവങ്ങൾ ലഭ്യമാക്കുന്നതിനും, കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി പട്ടിക വർഗ്ഗ മേഖലയിൽ സ്വാശ്രയ സംഘങ്ങൾ ആരംഭിക്കാനായിട്ടില്ല.

**V. നിഗമനങ്ങൾ:**

❖ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാനായി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിലും ബ്ലോക്ക് പഞ്ചായത്ത് വിജയിച്ചില്ല.
❖ പഞ്ചായത്തിലെ വ്യവസായ തൊഴിൽ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പ് ക ത്തിയ അവസരങ്ങളെപ്പറ്റി പഠിക്കാനോ അവയെ നടപ്പാക്കാനോ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല.
❖ വികലാംഗർ, പട്ടികജാതി വനിതകൾ എന്നിവർക്കായി നടപ്പാക്കിയ തൊഴിൽ പദ്ധതികൾ ലക്ഷ്യത്തിലെത്തിയില്ല.
❖ പരിശീലന പരിപാടികൾക്ക് തുടർച്ചയായി തൊഴിൽ സംരംഭങ്ങൾ നടപ്പാക്കി തൊഴിൽ സൃഷ്ടിച്ചില്ല. ഇത് സബ്സിഡി മാർഗ്ഗ രേഖയുടെ ലംഘനമായി.
❖ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ അപാകങ്ങൾ ചൂ ക്കാണിച്ചിട്ടും അവ പരിഹരിക്കാനും തൊഴിൽ പദ്ധതികൾ നടപ്പിലാക്കാനും പഞ്ചായത്ത് നടപടിയെടുത്തില്ല.
❖ പഞ്ചായത്തിൽ നിരവധി കുടുംബശ്രീ സംരംഭങ്ങൾ പ്രവർത്തിക്കുന്നു് . അവയുടെ മേൽ ഫലപ്രദമായ മേൽനോട്ടം, ഗൈഡൻസ് എന്നിവ നൽകാനായില്ല.
❖ മാർക്കറ്റിംഗ് സൗകര്യം വിപണന കേന്ദ്രങ്ങൾ എന്നിവ ഒരുക്കി കുടുംബശ്രീ സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടിയെടുത്തിട്ടില്ല.

LOCAL FUND AUDIT DEPARTMENT

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



## VI. ശുപാർശകൾ

- ചെറുകിട വ്യവസായ തൊഴിൽ സംരംഭങ്ങൾ വളർത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കണം.

- വർക്കിംഗ് ഗ്രൂപ്പ് ക ത്തിയ മേഖലകളിൽ സാദ്ധ്യതാ പഠനം നടത്തി പദ്ധതികൾ ആവിഷ്ക്കരിക്കാൻ നടപെടിയെടുക്കണം.

- നിലവിൽ പാതി വഴിയിൽ നിൽക്കുന്ന പദ്ധതികൾ ലക്ഷ്യത്തിലെത്തിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

- പരിശീലന പരിപാടികൾ, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായാണ് നടപ്പാക്കുന്നത് എന്നുറപ്പാക്കണം.

- കുടുംബശ്രീ യൂണിറ്റുകൾ ഉൾപ്പെടെയുള്ള തൊഴിൽ സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നിരന്തര മോണിറ്ററിംഗ് നടത്തണം. സംരംഭങ്ങളുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നുവെന്ന് ഉറപ്പാക്കണം. ഇവയ്ക്ക് മാർക്കറ്റിംഗ് സൗകര്യം കൂടുതലായി ഒരുക്കണം - നിലവിൽ പ്രവർത്തി പൂർത്തീകരിച്ച കേന്ദ്രം എത്രയും വേഗം പ്രവർത്തന സജ്ജമാക്കണം.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫ് ഓഡിറ്റ്, വയനാട്.

LOCAL FUND AUDIT DEPARTMENT